(ബി) സേവന വ്യവസ്ഥകൾ സംബന്ധിച്ച് പ്രത്യേക നിയമങ്ങൾ ഒന്നും നിലവിലില്ല. ഇവർക്ക് സർക്കാരിലെ സ്ഥിരം ജീവനക്കാരുടെ മാതിരി ഡ്യൂട്ടിയാണ് നൽകിവരുന്നത്. ഇവരുടെ വേതനം സംബന്ധിച്ചുള്ള വിവരം താഴെ ചേർത്തിരിക്കുന്നു.

തസ്തിക		*വേതനം*
സ്വീപ്പർ, ക്ലീനർ	..	85 രൂപ പ്രതിദിനം
നഴ്സ്	..	3300 രൂപ പ്രതിമാസം
ലാബ് ടെക്നീഷ്യൻ	..	110 രൂപ പ്രതിദിനം
സെക്യൂരിറ്റി	..	90 രൂപ പ്രതിദിനം (രാത്രി ഡ്യൂട്ടിക്ക് 95 രൂപ)
ഡ്രൈവർ	..	50 രൂപ+കമ്മീഷൻ 15 രൂപ പ്രതിദിനം
ക്ലാർക്ക്	..	120 രൂപ പ്രതിദിനം

(സി ആന്റ് ഡി) എം.സി.എച്ച്., ഐ.സി.എച്ച്. എന്നിവിടങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനങ്ങൾ നടത്തുന്നു. ഐ.എം.സി.എച്ച്.-ൽ ഇപ്രകാരം നടത്തുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഇ ആന്റ് എഫ്) ഉണ്ട്. ഇങ്ങനെ മൂന്നു ജീവനക്കാരെ പിരിച്ചുവിടുകയും പിന്നീട് അവധി കഴിഞ്ഞ് തിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്.

(ജി) സേവന വേതന വ്യവസ്ഥകൾ തീരുമാനിക്കപ്പെട്ടശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്.

തൃശ്ശൂർ മെഡിക്കൽ കോളേജിലെ എച്ച്.ഡി.സി. ജീവനക്കാർ

131 [956] ശ്രീ: കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ എച്ച്.ഡി.സി.-യുടെ കീഴിൽ ആകെ എത്രപേർ ജോലി ചെയ്യുന്നുണ്ട്; ഇവരിൽ മുളങ്കുന്നത്തുകാവിൽ ജോലി ചെയ്യുന്നവർ എത്ര;

(ബി) ഇവരുടെ സേവന-വേതന വ്യവസ്ഥകൾ എന്തൊക്കെയാണ്;

(സി) തൃശ്ശൂർ മെഡിക്കൽ കോളേജിൽ എച്ച്.ഡി.സി.-യുടെ കീഴിൽ ജോലി ചെയ്യുന്നവരുടെ പേര്, തസ്തിക, ജോലിയിൽ പ്രവേശിച്ച തീയതി, വർഷം ഇപ്പോൾ വാങ്ങുന്ന വേതനം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ഡി) ടൗണിൽ നിന്ന് മെഡിക്കൽ കോളേജ് മുളങ്കുന്നത്തുകാവിലേക്ക് മാറ്റുമ്പോൾ എച്ച്.ഡി.സി. ജീവനക്കാരെകൂടി അവിടെക്ക് മാറ്റുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ എച്ച്.ഡി.സി.-യുടെ കീഴിൽ 60 പേർ ജോലി ചെയ്യുന്നുണ്ട്. മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജ് നെഞ്ച് രോഗാശുപത്രിയിൽ എച്ച്.ഡി.സി.-യുടെ കീഴിൽ 45 പേർ ജോലി ചെയ്യുന്നുണ്ട്.

(ബി) ഇവർ ദിവസക്കൂലി വ്യവസ്ഥയിലാണ് ജോലി ചെയ്യുന്നത്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) ഇക്കാര്യത്തിൽ തീരുമാനം എടുത്തിട്ടില്ല.

പേയിംഗ് കൗണ്ടറുകളിൽ കമ്പ്യൂട്ടറുകളിൽ സൂക്ഷിച്ചിരുന്ന കണക്കുകളിലെ തിരിമറി

132 [957] ശ്രീ. എം. എ. ചന്ദ്രശേഖരൻ:

" കെ. അച്ചുതൻ:

" വി. ജെ. പൗലോസ്:

" തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലെ പേയിംഗ് കൗണ്ടറുകളിൽ കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ജോലികൾ നിർവ്വഹിക്കാൻ വേണ്ടിയാണ് ഈ കമ്പ്യൂട്ടറുകൾ ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) അവയിൽ പേയിംഗ് കൗണ്ടറുകളിലെ കണക്കുകൾ സൂക്ഷിക്കുന്നുണ്ടോ;

(ഡി) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയോടനുബന്ധിച്ചുള്ള പേയിംഗ് കൗണ്ടറുകളിലെ കമ്പ്യൂട്ടറുകളിൽ സൂക്ഷിച്ചിരുന്ന കണക്കുകളിൽ ക്രമക്കേടുകൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ക്രമക്കേടുകൾ നടത്തിയത് ആരാണ് എന്ന് പറയുമോ;

(ഇ) അവരെ പേയിംഗ് കൗണ്ടറിൽ നിയമിച്ചത് ആരാണ് എന്നും അവിടത്തെ കണക്കുകളിൽ ഇതിനുമുമ്പും ക്രമക്കേടുകൾ നടത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; ഇതേപ്പറ്റി അന്വേഷിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പേയിംഗ് കൗണ്ടറുകൾ പ്രവർത്തിക്കുന്ന തിരുവനന്തപുരത്തും കോഴിക്കോടും കമ്പ്യൂട്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly